(ഡി മുതൽ എഫ്) ഘട്ടംഘട്ടമായാണ് ഈ സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നത്. ഇപ്പോൾ 20 എണ്ണത്തിൽ സംവിധാനങ്ങൾ പൂർത്തീകരിച്ച് സർട്ടിഫൈ ചെയ്തിട്ടുണ്ട്. 17 എണ്ണത്തിന്റെ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന പ്രവർത്തി പുരോഗമിച്ചു വരുന്നു. മറ്റുള്ളവരുടെ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ത്വരിതപ്പെടുത്തുന്നതാണ്.

(ജി) കേന്ദ്ര സർക്കാരിന്റെ കീഴിൽ യൂണിസെഫ് സ്പോൺസേർഡ് പദ്ധതിയിലാണ് ഇത് നടപ്പിലാക്കിവരുന്നത്

മരുന്നു വാങ്ങുന്നതിനായി ചെലവായ തുക

144(1632)ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും ആശുപത്രികളിൽ മരുന്നു വാങ്ങുന്നതിനായി എന്തു തുക വീതം ചെലവാക്കിയിട്ടുണ്ട്;

(ബി) മരുന്നു വാങ്ങുന്നതിന് മേൽപ്പറഞ്ഞ ഓരോ വർഷവും ഉണ്ടായ പ്രതിശീർഷ ചെലവ് എത്ര വീതമാണ്;

(സി) ആശുപത്രികളിൽ ഇൻപേഷ്യന്റ് ചികിത്സക്കെത്തിയവരുടെ അടിസ്ഥാനത്തിൽ ഈ ഓരോ വർഷവും ആളൊന്നുക്ക് എന്തു തുകയുടെ വീതം മരുന്നു വാങ്ങി;

(ഡി) മെഡിക്കൽ കോളേജ് ആശുപത്രികൾ, ജനറൽ ആശുപത്രികൾ, ജില്ലാ താലൂക്ക് ആശുപത്രികൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ എന്നീ ഗണങ്ങളിൽപ്പെട്ട ഓരോ ആശുപത്രിക്കും ഈ കാലഘട്ടത്തിൽ ഓരോ വർഷവും എന്തു തുകയ്ക്കുള്ള മരുന്നു വീതം നൽകിയിട്ടുണ്ട്;

(ഇ) ആശുപത്രിയിൽ വരുന്ന രോഗികൾക്കാവശ്യമായ എല്ലാ മരുന്നുകളും നൽകുവാൻ സർക്കാരിന് പരിപാടിയുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഇല്ല. എന്നാൽ അത്യാവശ്യമരുന്നുകൾ ഇപ്പോൾ സൗജന്യമായി നൽകി വരുന്നുണ്ട്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം

145(1633) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനസമയം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly